പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 331

29.06.2016-ൽ മറുപടിയ്ക്ക്

## മറൈൻ പാർക്ക്

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ബേപ്പൂരിൽ ആരംഭിച്ച മറൈൻ പാർക്കിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; അവിടെ പുതിയ സംരംഭങ്ങൾ ആരംഭി ച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭി ക്കുന്നതിന് നടപടി സ്വീകരി ക്കുമോ; | എ) | ബേപ്പൂരിൽ കിൻഫ്ര സ്ഥാപിക്കുന്ന മറൈൻ പാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ചുറ്റമതിൽ, പാർക്കിനകത്തുള്ള റോഡുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പാർക്ക് തീരദേശ പരിപാലന മേഖല – 2(CRZ-2) ഭാഗത്തിലാണ് ഉൾപ്പെട്ടു ത്തിയിരിക്കുന്നത്. ആയതിനാൽ ഇതിൽ നിന്ന് ഒഴിവാക്കി തരണമെന്ന് Coastal Management Regulatory Authority യോട് കിൻഫ്ര അഭ്യർത്ഥിച്ചിട്ടുണ്ട്. അതോറിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പാർക്കിന്റെ തുടർ നിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. പുതിയ സംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമെ പ്രസ്തുത പാർക്കിന്റെ അലോട്ട്മെന്റ് ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| ബി) | ബേപ്പൂർ നിയോജക മണ്ഡല ത്തിൽ രാമനാട്ടുകരയിൽ ആരംഭിച്ച അഡ്വാൻസ് നോളജ് പാർക്കിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ? | ബി) | ബേപ്പൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന അഡ്വാൻസ് ടെക്നോളജി പാർക്കിനെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പരിവർത്തന പ്പെടുത്തുന്നതിനുള്ള അനുമതി ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉണ്ടായിരുന്ന കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ നിർമ്മാണ പ്രവർത്ത നങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**